പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*442</u>  16.05. 2017 ൽ മറുപടിയ്ക്ക്

## ജൈവ വൈവിധ്യ-പരിസ്ഥിതി സൗഹൃദ കൃഷിരീതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല**<br>**,, എം.ഉമ്മർ**<br>**,, പി.കെ.അബ്ദു റബ്ബ്**<br>**,, പി.ബി. അബ്ദുൽ റസ്സാക്ക്** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) ജൈവകൃഷി നയത്തിന്റെ വിശദവിവരം ലഭ്യമാക്കുമോ; | എ)<br>• കൃഷിയെ സുസ്ഥിരവും ലാഭകരവും മാന്യവുമായ ഒരു തൊഴിൽ സംസ്കാരമായി വളർത്തുക.<br>• മണ്ണിന്റെ സഹജമായ പോഷക ഗുണങ്ങളും ഉൽപാദനക്ഷമതയും ഉയർത്തുക, ജലം - മണ്ണ് സംരക്ഷണം ഉറപ്പ് വരുത്തുക.<br>• കാർഷിക ജൈവ സുരക്ഷിതത്വവും ഭക്ഷ്യ പോഷകഗുണ സുരക്ഷിതത്വവും ഉറപ്പാക്കുക, കർഷകരുടെ നിയന്ത്രണത്തിൽ ജൈവ കാർഷികകോൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി രൂപപ്പെടുത്തുകയും ഉറപ്പുവരുത്തുകയും ചെയ്യുക.<br>• കാർഷിക രാസവസ്തുക്കളുടേയും മാരകമായ മറ്റ് ഉൽപ്പന്നങ്ങളുടെയും ഉപയോഗം ഒഴിവാക്കുക, രാസ, വിഷ വിമുക്തമായ വെള്ളം, മണ്ണ്, ഭക്ഷണം എന്നിവ ഉറപ്പാക്കുക, വായു, വിത്ത്, ഭക്ഷണം എന്നിവയുടെ പരമാധികാരം ഉറപ്പ വരുത്തുക, ശാസ്ത്രീയ രീതിയിലുള്ള ജൈവവൈവിധ്യാധിഷ്ഠിതമായ പരിസ്ഥിതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുക.<br>• കൃഷിക്കുപയോഗിക്കുന്ന വസ്തുക്കളുടെയും കാർഷിക വിളകളുടെയും ഗുണനിലവാരം ഉറപ്പാക്കുക, സുസ്ഥിരമായ കാർഷിക ഭക്ഷ്യവസ്തുക്കളും മറ്റ് ഉൽപ്പന്നങ്ങളും ലഭ്യമാക്കി മനുഷ്യന്റെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക<br>• കൃഷിയുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ സംരക്ഷിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക<br>• കാർഷിക രംഗത്ത് ജൈവ വൈവിദ്ധ്യത്തിന് വർദ്ധിച്ച ഊന്നൽ നൽകുക എന്നിവയാണ് ജൈവകൃഷി നയത്തിന്റെ ലക്ഷ്യങ്ങൾ. |

| | |
|---|---|
| ബി) ജൈവ വൈവിധ്യത്തിന് പ്രാധാന്യം നല്കിക്കൊണ്ടുള്ളതും പരിസ്ഥിതി സൗഹൃദവുമായ കൃഷിരീതി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | ബി) ജൈവ വൈവിധ്യത്തിന് പ്രാധാന്യം നല്കിക്കൊണ്ടുള്ളതും പരിസ്ഥിതി സൗഹൃദവുമായ കൃഷിരീതി പ്രോത്സാഹിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു. |

- വയനാട് ജില്ലയിലെ സവിശേഷയിനം നെല്ലിനങ്ങളുടെ വ്യാപനത്തിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സമഗ്ര വികസനത്തിനായി വയനാട് പാക്കേജ് നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതോടൊപ്പം അട്ടപ്പാടി മേഖലയിലെ ആദിവാസികൾ ഉല്പാദിപ്പിക്കുന്ന പരമ്പരാഗത ചെറുധാന്യങ്ങൾ, മില്ലറ്റ്, റാഗി തുടങ്ങിയവയുടെ പ്രോത്സാഹനത്തിനായി 330 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
- കാസർഗോഡ് ജില്ലയിൽ ജൈവ കൃഷിക്കും പി.ജി.എസ് സർട്ടിഫിക്കേഷനുമായി - 1000 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്നതിന് ഒരു ഹെക്ടറിന് 6000 രൂപ നിരക്കിൽ 60.00 ലക്ഷം രൂപയുടെ ധനസഹായം
- ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി - 500 ക്ലസ്റ്ററുകൾക്ക് (5 ഹെക്ടർ മുതൽ 25 ഹെക്ടർ വരെ) ഹെക്ടറിന് 3000 രൂപ നിരക്കിൽ 375.00 ലക്ഷം രൂപ
- ജൈവവള നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം - ഒരു ബ്ലോക്കിൽ 5 റിംഗ് കംമ്പോസ്റ്റ് യൂണിറ്റുകൾ വീതം നിർമ്മിക്കാൻ യൂണിറ്റ് ഒന്നിന് 5000 രൂപ നിരക്കിൽ ധനസഹായം. 146 ബ്ലോക്കുകളിലായി 730 യൂണിറ്റുകൾക്ക് 36.50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.
- ജൈവ ഉല്പന്നങ്ങളുടെ പാക്കിംഗ്, ബ്രാൻഡിംഗ്, വിപണനം ധനസഹായം ജൈവരീതിയിൽ കൃഷി ചെയ്ത് ഉൽപാദിപ്പിച്ച വിഷരഹിത പഴം, പച്ചക്കറി ഉൽപന്നങ്ങൾ ഗ്രേഡിംഗ് പാക്കിംഗ് മുതലായവ നടത്തി വില്പന നടത്തുന്നതിനായി - 21 ക്ലസ്റ്ററുകൾക്ക് 3.00 ലക്ഷം രൂപ ക്രമത്തിൽ 63.00 ലക്ഷം രൂപ
- ജൈവ രീതിയിൽ ഉല്പാദിപ്പിച്ച വിഷരഹിത പഴം, പച്ചക്കറികൾ വിപണനം നടത്തുന്നതിന് ജി.എ.പി സർട്ടിഫിക്കേഷനോടുകൂടി വില്പന നടത്തുന്നതിന് എല്ലാ ജില്ലകളിലും ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് ധനസഹായം - 100 ഇക്കോഷോപ്പുകൾക്ക് 2.00 ലക്ഷം രൂപ നിരക്കിൽ 200.00 ലക്ഷം രൂപയുടെ ധനസഹായം
- ഇക്കോഷോപ്പുകൾ മുഖേന ജൈവ ഉല്പന്നങ്ങൾ നൽകുന്ന കർഷകർക്കുള്ള ഇൻസെൻറ്റീവ് - 166 ഇക്കോഷോപ്പുകൾക്ക് 25000 രൂപ നിരക്കിൽ 41.50 ലക്ഷം രൂപ

• സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലങ്ങൾക്കുള്ള അവാർഡ് - ജൈവകൃഷിയിൽ മികച്ച പ്രവ്രർത്തനം കാഴ്ചവയ്ക്കുന്ന നിയോജക മണ്ഡലം, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡുകൾ നൽകുന്നതിനായി - 123 ലക്ഷം രൂപ.

ഇത് കൂടാതെ കേന്ദ്രസർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷിവികാസ് യോജന (PKVY) പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നല്കുകയുണ്ടായി. പ്രധാനമായും ക്ലസ്റ്റർ അടിസ്ഥാനത്തിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നതിനും ജൈവ ഗ്രാമങ്ങൾ രൂപികരിക്കുന്നതിനുമുള്ള ധനസഹായമാണ് കേന്ദ്ര സർക്കാർ ഈ പദ്ധതി പ്രകാരം അനുവദിച്ചത്. 2016-17 -ൽ ഈ പദ്ധതിയ്ക്കായി 594.57 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

| | |
|---|---|
| സി) ഇതിനനുഗുണമായ, ഗുണമേന്മയുള്ള ജൈവവള ഉല്പാദനവും വിപണനവും കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | സി) ഗുണമേന്മയുള്ള ജൈവവള ഉല്പാദനവും വിപണനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജൈവവള നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം - ഒരു ബ്ലോക്കിൽ 5 റൂറൽ കംമ്പോസ്റ്റ് യൂണിറ്റുകൾ വീതം നിർമ്മിക്കാൻ യൂണിറ്റ് ഒന്നിന് 5000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ്. 146 ബ്ലോക്കുകളിലായി 730 യൂണിറ്റുകൾക്ക് 36.50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**